## നിറക്കൂട്ട്

പ്രിയ കൂട്ടുകാരേ,

കഴിഞ്ഞ ലക്കം നിറംകൊടുക്കൽ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി. ഏറ്റവും നന്നായി നിറം കൊടുക്കുന്ന ചിത്രത്തിന് സമ്മാനം നൽകുന്നു. 12 വയസ്സിന് താഴെയുള്ള എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. നിറം കൊടുത്ത ചിത്രങ്ങൾ 2011 മെയ് 30-ാം തീയതിക്ക് മുമ്പായി പള്ളി ഓഫീസിൽ ലഭിച്ചിരിക്കണം.



പേര് ..............................................................................

വീട്ടുപേര് ..............................................................................

യൂണിറ്റ് ..............................................................................






# ആവേ മരിയ

പാരീഷ് ഫാമിലി യൂണിയൻ ബുള്ളറ്റിൻ

സെന്റ് മേരീസ് ഫൊറോന ചർച്ച്, കൊരട്ടി - 680 308

✆ : 0480 2732780, 2734009

2011 ഏപ്രിൽ ലക്കം 45




താളുകൾ മറിയുമ്പോൾ


എഡിറ്റോറിയൽ 2

ഇടയന്റെ സന്ദേശം 4

സസ്നേഹം വൈ. ചെയർമാൻ 8

ഫാമിലി യൂണിയൻ വാർത്തകൾ 10

ഇടവക ഡയറി 14

ബൈബിൾ ക്വിസ് 16

ബൈബിൾ ക്വിസ് ശരിയുത്തരം നൽകിയവർ 17

യൂണിറ്റ് തിരിച്ചുള്ള അംഗത്വം 19

ഹാജർ നിലവാരം 20

വലിയ ഇടയൻ 21

ക്രിസ്തുവിനായ് ഭവനം ഒരുക്കുന്നവർ 25

നവകുസുമങ്ങൾ 30

ഇനി ഇവർ രണ്ടല്ല ഒന്നാണ് 33

ഓട്ടം പൂർത്തിയാക്കിയവർ 34

നിറക്കൂട്ട് 36


എഡിറ്റോറിയൽ ബോർഡ്


വെരി. റവ. ഫാ. ലൂക്കോസ് കുന്നത്തൂർ

റവ. ഫാ. ജോസഫ് കിരിയാന്തൻ

റവ. ഫാ. ആന്റണി കല്ലൂക്കാരൻ

റവ. ഫാ. ഫിലിപ്പ് കരോട്ടപ്പുറം OFM Conv.

റവ.സി. എൽസ SABS

ഡോ. ജോജോ ആഗസ്റ്റിൻ നാല്പാട്ട്

ശ്രീ. പോൾ ജെയിംസ് നാല്പാട്ട്

ശ്രീമതി. മേഴ്സി ജോസ് മുരിങ്ങത്തുപറമ്പിൽ

ശ്രീ. പൗലോസ് കോട്ടയ്ക്കൽ

ശ്രീ. ജോയ് വളപ്പി

ശ്രീ. ജോസഫ് വർഗ്ഗീസ് വെളിയത്ത്

ശ്രീമതി ആനി പൗലോസ് കളപ്പുരയ്ക്കൽ

# എഡിറ്റോറിയൽ

ലോകചരിത്രത്തിലെ ഏറ്റവും മഹത്തരമായ സ്വയം സമർപ്പണത്തിന്റെ ദിവസം. മരണം, മരണമല്ലാതായ ദിനം കടന്നുപോയി. അതുപോലെ മറവിയുടെ ഓളങ്ങൾക്കോ കാലത്തിന്റെ തിരമാലകൾക്കോ മായിക്കാനും അപഹരിക്കാനും സാധ്യമാവാത്ത ഒന്നാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ്.നന്മകളുടെ എല്ലാ വിജയങ്ങളേയും, കിരീടംചൂടിക്കുന്ന പരമവിജയമാണ് യേശുവിന്റെ ഉയിർപ്പ് . ചരിത്രത്തിലെ വീരപുരുഷന്മാരുടെ വിജയകഥകൾ പോലും മരണത്തെ തോൽപിച്ച യേശുവിന്റെ നിസ്തുല വിജയത്തിന്റെ മുമ്പിൽ ഒന്നുമല്ലാതാകുന്നു. നിരാശകളുടെ അടിത്തട്ടിൽ നിന്ന് പ്രത്യാശയുടെ സുവർണ്ണ തീരത്തേക്ക് ഉയിർത്തെഴുന്നേറ്റ യേശു മാനവരാശിയെ കൊണ്ടുപോകുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ ആധാരശിലതന്നെ യേശുവിന്റെ പുനരുത്ഥാനമാണ്. യേശുവിനെ അന്ധകാരം തോൽപിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണ് ഉണ്ടായത്. അവിടുന്ന് അന്ധകാരത്തെ കീഴടക്കി. മനുഷ്യൻ ഏറ്റവും ഭയപ്പെടുന്നത് മരണത്തെയാണ്. ജനിച്ചനാൾ മുതൽ ഈ ഭീതി അവനെ അനുധാവനം ചെയ്യുന്നു. പക്ഷേ യേശു ഉയിർപ്പിൽകൂടി മരണത്തിന്റെമേൽ വിജയം വരിച്ചു.

ഇന്ന് മനുഷ്യ സമൂഹമാകെ അസ്വസ്ഥതയുടേയും അശാന്തിയുടേയും നിഴലിൽ കഴിയുകയാണ് . ഒന്നിനും ഒരുനിശ്ചയമില്ലാത്ത അവസ്ഥയാണ്. മനുഷ്യന്റെ തൻപോരിമയാൽ അഭിമാനിച്ചിരുന്ന നാം പ്രകൃതിയുടെ മുമ്പിൽ നിസ്സഹയരാ





## ഓട്ടം പൂർത്തിയാക്കിയവർ

| വീട്ടുപേര് | അപ്പന്റെ/ഭർത്താവിന്റെ പേര് | പേര് | യൂണിറ്റ് | തീയതി |
|---|---|---|---|---|
| 15. കിരിയാന്തൻ | ദേവസ്സി | ഏല്യ | സെന്റ് മാർട്ടിൻ | 09.02. 2011 |
| 16. കവലക്കാട്ട് | ഔസേഫ് | ത്രേസ്യ | ലിറ്റിൽ ഫ്ളവർ | 13.02.2011 |
| 17. ഗോപുരൻ | തോമാസ് | ജോസഫ് | സെന്റ് ജോർജ്ജ് | 20.02.2011 |
| 18. അട്ടിപേറ്റി | മാത്യു | ഫിലിപ്പ് | സെന്റ് ആന്റണി | 21.02.2011 |
| 19. മുള്ളക്കര | ഫ്രാൻസീസ് | എൽസി | നസ്രത്ത് | 01.03.2011 |
| 20. മേലേടൻ | തോമാസ് | ഡേവീസ് | സെന്റ് ഫ്രാൻസീസ് | 05.03.2011 |
| 21. ഇളംകുന്നപ്പുഴ പറോക്കാരൻ | വർഗ്ഗീസ് | പൗലോസ് | സെന്റ് മേരീസ് | 16.03.2011 |
| 22. പഞ്ഞിക്കാരൻ | അന്തോണി | ജോസഫ് | ക്രിസ്തുരാജ | 24.03.2011 |
| 23. കോനുപറമ്പൻ | ചാക്കോ | മറിയം | സെന്റ് ജോസഫ് | 05.03.2011 |

## ഓട്ടം പൂർത്തിയാക്കിയവർ

| വീട്ടുപേര് | അപ്പന്റെ/ഭർത്താവിന്റെ പേര് | പേര് | യൂണിറ്റ് | തീയതി |
|---|---|---|---|---|
| 1. പള്ളിയാൻ | | sr ഷന്താൾ | ദേവമാത | 04.12.2010 |
| 2. വെളിയത്ത് | ഔസേഫ് | മറിയം | നസ്രത്ത് | 08.12.2010 |
| 3. തെക്കക്കര പറോക്കാരൻ | ദേവസ്സി | ആന്റണി | ഹോളിസ്പിരിറ്റ് | 15.12.2010 |
| 4. കണ്ണംപുഴ | വറീത് | ദേവസ്സി | മേരിമാത | 23.12.2010 |
| 5. ഇളംകുന്നപ്പുഴ പറോക്കാരൻ | വറീത് | റോസ് | സെന്റ് മേരീസ് | 05.01.2011 |
| 6. നാല്പാട്ട് | കുഞ്ഞുവറീത് | പൗലോസ് | ക്രിസ്തുരാജ | 08.01.2011 |
| 7. വെളിയത്ത് | ഔസേഫ് | ത്രേസ്യ | സെന്റ് മാർട്ടിൻ | 08.01.2011 |
| 8. മേലേടത്ത് | തോമാസ് | മറിയം | സെന്റ് ഫ്രാൻസീസ് | 11.01.2011 |
| 9. നാല്പാട്ട് | ഇട്ടിയച്ചൻ | കുഞ്ഞായി | സെന്റ് റോസ് | 26.01.2011 |
| 10. നമ്പാടൻ | റപ്പായി | വറീത് | സെന്റ് ജോസഫ് | 27.01.2011 |
| 11. കോളരിക്കൽ | അഗസ്റ്റിൻ | എൽസി | സെന്റ് പോൾ | 27.01.2011 |
| 12. ആലപ്പാട്ട് | ഫ്രാൻസീസ് | കുര്യൻ | സെന്റ് ജോർജ്ജ് | 30.01.2011 |
| 13. മാളിയേക്കൽ | വർക്കി | മറിയം | സെന്റ് പോൾ | 08.02.2011 |
| 14. നാല്പാടൻ | തോമസ് | ത്രേസ്യ | ക്രിസ്തുരാജ | 11.02.2011 |





ണെന്ന് തെളിഞ്ഞിരിക്കുന്നു. മനുഷ്യമനസ്സുകളിൽ നിന്ന് കാരുണ്യത്തിന്റെ ഉറവ വറ്റുകയും പകരം സ്വാർത്ഥതയുടെ പ്രതിരൂപങ്ങളായി മനുഷ്യൻ മാറിയിരിക്കുകയും ചെയ്യുന്നു. വിദ്വേഷത്തിന്റെ വേലിയേറ്റം നമ്മെ ഭയചകിതരാക്കുന്നു. മാരകരോഗങ്ങളുടെ വ്യാപ്തി, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ ഭാവിയെപറ്റി ഭയം വർദ്ധിപ്പിക്കുന്നു. എല്ലാറ്റിനും ഉപരിയായി ഒരു ശൂന്യതാബോധം മനുഷ്യനെ പിടികൂടിയിരിക്കുന്നു.

ഉത്ഥിതനായ യേശു ആദ്യം അരുൾ ചെയ്തത് നിങ്ങൾക്ക് സമാധാനം എന്നാണ് , മാത്രമല്ല യേശുവിനെ കണ്ടപ്പോൾ ശിഷ്യന്മാർ സന്തോഷഭരിതരായി എന്നാണ് പറയുന്നത് . അതുകൊണ്ട് അധമത്വത്തിൽനിന്ന് വെളിച്ചത്തിലേക്കുള്ള ഉയിർത്തെഴുന്നേൽപ്പ് ഇന്നിന്റെ ആവശ്യമാണ്. സ്വാർത്ഥതയിൽനിന്ന് പരസ്നേഹത്തിലേക്ക്, അങ്ങനെ പ്രത്യാശയുടെ പുതിയ ലോകത്തേക്ക് നമുക്ക് കടന്നുവരാം.

എന്ന് പത്രാധിപസമിതി





## ഉപകാരസ്മരണ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

**ഒരു വിശ്വാസി**
**സെ. ജോസഫ് യൂണിറ്റ്, ചെറുവാളൂർ**

# ഇടയന്റെ സന്ദേശം



## രജത ജൂബിലി നിറവിൽ

പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. (ഏശ 49,14-15) 2011 ഏപ്രിൽ 08, സമയം 12 മണി. പരിശുദ്ധ കൊരട്ടി മുത്തിയുടെ സംരക്ഷണതണലിൽ ദിവസങ്ങൾ പോലും പ്രായമാകാത്ത ഒരു ചോരകുഞ്ഞിനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുകയുണ്ടായി. ശൈശവത്തിന്റെ നൈർമ്മല്യവും സരളതയും ഓമനത്തവും തുളുമ്പുന്ന പെൺകുട്ടി. സംഭവം അസാധാരണമായതുകൊണ്ട് നിയമവശങ്ങളിലൂടെ തന്നെ കുഞ്ഞിനെ അധികാരികൾക്ക് കൈമാറി. നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട സംഭവമാണിത്. "മാതാപിതാ ഗുരുർ ദൈവം" എന്ന ശ്ലോകം കാച്ചികുറിക്കിയ ആർഷഭാരത സംസ്കാരത്തിലെ മാതൃത്വത്തിന്റെ വിശുദ്ധി എവിടെയാണ്? പിതൃത്വത്തിന്റെ ധാർമികതയ്ക്ക് മങ്ങലേറ്റോ? മാതാപിതാക്കളുടെ ആർദ്രതയുടെ മുഖം വാടിപോയോ? പണ്ട് പത്രമാധ്യമങ്ങളിലൂടെ മാത്രം അസാധാരണമായിരുന്ന ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾ നമ്മുടെ കൊരട്ടിയിൽ പോലും സന്തതസഹചാരിയായിതീർന്നിരിക്കുന്നു. ഉണർന്നിരുന്ന് കാത്തിരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!

ഇന്ന് മാതൃത്വവും പിതൃത്വവും നാമമാത്രമായ അലങ്കാരമായി തീർന്നിരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജോലിസംബന്ധമായ ആവശ്യങ്ങൾക്കായി മാതാപിതാക്കൾ വിദേശത്ത് പോകുമ്പോൾ ഓർക്കുക





## ഇനി ഇവർ രണ്ടല്ല - ഒന്നാണ്

| മാതാപിതാക്കൾ | വരൻ | വധു | മാതാപിതാക്കൾ | തീയതി |
|---|---|---|---|---|
| 1. പൊറത്തൂർ - വർഗ്ഗീസ് - ത്രേസ്യ | ജോമോൻ | സിനി | കച്ചറയ്ക്കൽ ആന്റണി (സണ്ണി)- മേരിക്കുട്ടി | 26.12.2010 |
| 2. മഴുവഞ്ചേരി ആന്റണി - ത്രേസ്യാമ്മ | നൈജു | ചിഞ്ചു | പനയ്ക്കൽ ജോയ് - എൽസി | 09.01.2011 |
| 3. ചൂളയ്ക്കൽ ലോനക്കുട്ടി - ബേബി | ജോസ് | ജെസി | പുതിയത്ത് വർഗ്ഗീസ് - അൽഫോൻസ | 09.01.2011 |
| 4. തെക്കുംതല പള്ളത്തുകാട്ടിൽ ദേവസി - മേരി | നിനോ | ഡെറി | അരിമ്പൂർ കോനൂപറമ്പൻ ദേവസി അന്നം (മോളി) | 09.01.2011 |
| 5. ഇടശ്ശേരി ഔസേഫ് - ആനി | ടിനു | ജിഫി | നെടുവേലി മത്തായി - ചിന്നമ്മ | 10.01.2011 |
| 6. തെക്കുംതല ജോൺ - റോസിലി | ജിനോയ് | ശ്രീരാ | തളിയത്ത് ജോസ് - ഓമന | 24.01.2011 |
| 7. വെളിയത്തുകുറ്റുക്കാടൻ ജെയിംസ് - ജാൻസി | സിജോ | ബ്ലെസി | മഞ്ഞളി സൈമൺ - മേരി | 26.01.2011 |
| 8. കുറ്റിക്കാട്ട് ജോസ് - മേരി | ജോബി | സിജി | തളിയത്ത് ദേവസിക്കുട്ടി - ആലീസ് | 26.01.2011 |
| 9. കണ്ണംപിള്ളി പൗലോസ് - മേരി | ഷൈജു | സിനി | പടയാട്ടി ജോസ് - ത്രേസ്യാമ്മ | 26.01.2011 |
| 10. വെളിയത്ത് ആന്റണി - ലൂസി | തോമാസ് | ഫെക്സി | ചെറുശ്ശേരി ജോസ്ഫ് - മാഗി | 13.02.2011 |
| 11. കൂനന്മാവ് വർഗ്ഗീസ് - സിസിലി | തരുൺ | സപ്ന | പാറേക്കാടൻ ലോനപ്പൻ - റോസി | 14.02.2011 |
| 12. വാരനാട്ട് ജോസ് - റോസി | ജെയ്സൺ | ജിഷ | തെക്കിനിയത്ത് തോമാസ് - മേരി | 20.02.2011 |
| 13, കണ്ണംപ്പുഴ ആന്റണി - മറിയംകുട്ടി | സാബു | സിന്റോ | ചിറയത്ത് പാർലിക്കാടൻ ആന്റണി - എൽസി | 27.02.2011 |
| 14. വെളിയത്ത് ദേവസ്സി - ത്രേസ്യാമ | ടൈറ്റസ് | കൊച്ചുറാണി | അറയ്ക്ക ഔസേഫ് - ത്രേസ്യ | 27.02.2011 |
| 15. കരിപ്പായി പോൾ - മേരി | ജെയ്സൺ | ലിജി | വലിയവീട്ടിൽ ജോയ് - ലിസി | 27.02.2011 |
| 16. മേച്ചിലേടത്ത് ഔസേഫ് - റോസി | ജോസ് | ലിസി | പറമ്പൻ ഔസേഫ് - ഏല്യ | 27.02.2011 |

# നവകുസുമങ്ങൾ

| വീട്ടുപേര് | മാതാപിതാക്കൾ | പേര് | യൂണിറ്റ് | തീയതി |
|---|---|---|---|---|
| 29. വെളിയത്ത് | പ്രിൻസ് - അമൃത | ജോവൻ ആന്റണി | നസ്രത്ത് | 12.02.2011 |
| 30. തേനാകുളം ചാണ്ടി | മോൺസൺ - ജെസി | ഷൈൻജോ | ലിറ്റിൽ ഫ്‌ളവർ | 24.01.2011 |
| 31. വെളിയത്ത് | ജോസഫ് - അനു | ജോവാന | സെന്റ് മാർട്ടിൻ | 17.02.2011 |
| 32. തിച്ചരുവേടത്ത് ഗോപുരൻ | ജിയോ - സജിമോൾ | ജിയന്ന ജിയോ | സെന്റ് റോസ് | 19.01.2011 |
| 33. ഇളംകുന്നപ്പുഴ | ജെയ്മോൻ - റോയ്‌ലി | ഹെറിക്ക് | സെന്റ് മേരീസ് | 13.02.2011 |
| 34. മണ്ടി | ഡിന്റോ - ഡെല്ല | ഡെലോന | സെന്റ് തോമാസ് | 15.01.2011 |
| 35. നാല്പാട്ട് | ജോസഫ് - സ്മിത | ജസീന്താ ജോസഫ് | നസ്രത്ത് | 26.12.2010 |
| 36. പുതുശ്ശേരി ആലുക്ക | സാജ്ജു - നിമ്മി | ഏബൽ | വെളാങ്കണ്ണിമാത | 16.01.2011 |
| 37. പൈനാടത്ത് | മാർട്ടിൻ - അനുമോൾ | ക്രിസ് ഇമ്മാനുവേൽ | സെന്റ് മൈക്കിൾ | 26.03.2011 |
| 38. പുതുശ്ശേരി | രാജൻ - വിൻസി | ആൻലിയ | സെന്റ് അഗസ്റ്റിൻ | 20.02.2011 |





നമ്മുടെ കുട്ടികളുടെ വളർച്ചയാണ് അനാഥമായി പോകുന്നത് എന്ന്. പണവും തൊഴിലും ക്ഷണപ്രഭാചഞ്ചലമാണ്. അവയേക്കാൾ ശ്രേഷ്ഠമാണ് മക്കളുടെ വിശ്വാസ പരിശീലനവും വളർച്ചയും. ഭാര്യാഭർത്താക്കൻമാർ പരസ്പരം നിർമ്മലമായി സ്നേഹിച്ച് മക്കളെ നല്ല ക്രിസ്ത്യാനികളായി വളർത്തി സന്തോഷമായി ജീവിച്ചുകൊള്ളാമെന്ന ഉത്തരവാദിത്വം ക്രിസ്തീയ വിവാഹത്തിൽ ഏറ്റെടുക്കുമ്പോൾ ഇതിൽ കുറവ്‌വരുത്തുന്നത് ദൈവവുമായുള്ള ഉടമ്പടിയിൽ നാം നടത്തുന്ന അവിശ്വസ്തതയാണ്.

മാതാപിതാക്കളുടെയും കുട്ടികളുടേയും യുവജനങ്ങളുടെയുമെല്ലാം ക്രിസ്തീയ ഉത്തവാദിത്വങ്ങളേയും സഭാപ്രബോധനങ്ങളേയും ദൈവാശ്രയബോധത്തേയും ഓർമ്മപ്പെടുത്തി ദൈവീകജ്ഞാനവും ദൈവഭയവും ദൈവവിശ്വാസവുമുള്ള നല്ല ക്രിസ്ത്യാനികളാക്കി വളർത്താൻ നമ്മെ സഹായിക്കുന്നതാണ് കുടുംബയൂണിറ്റുകൾ. ആഴമായ ദൈവവിശ്വാസത്തിന്റെ പ്രത്യക്ഷമായ അടയാളമാണ് നമ്മുടെ കുടുംബയൂണിറ്റിലെ വ്യക്തിപരമായ പങ്കാളിത്തം. കൊരട്ടിയിൽ കുടുംബയൂണിറ്റ് ആരംഭിച്ചിട്ട് 25 വർഷം മെയ് 14–ാം തിയതി പൂർത്തിയാവുകയാണ്. ദൈവദാനമായ കുടുംബയൂണിറ്റുകളുടെ പൊതുസവിശേഷതകൾ നാം മനസ്സിലാക്കിയിട്ടുള്ളതാണ്. അയൽപക്കസ്നേഹം, ദൈവവചനത്തിലൂന്നിയ ജീവിതശൈലി, അധികാരവികേന്ദ്രീകരണത്തിലൂടെയുള്ള ആത്മീയശിക്ഷണം, സഭയോട് ചേർന്നുള്ള പ്രവർത്തനങ്ങൾ, മതസംവാദങ്ങൾ തുടങ്ങിയവയാണ് കുടുബകൂട്ടായ്മയുടെ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങളിൽ കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലം ജീവിക്കാൻ കഴിഞ്ഞോ എന്നും സമയത്തിനും കാലത്തിനും അനുരൂപമായി ചിന്തിക്കാനും നമുക്ക് സാധിച്ചോ എന്ന് ആത്മപരിശോധന ചെയ്ത് നമുക്ക് മുന്നേറാം.

രണ്ടായിരത്തിലധികം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന കൊരട്ടിപോലുള്ള ഇടവകയിൽ കുടുംബകൂട്ടായ്മകൾ അത്യന്താപേക്ഷിതവും കാലികവുമാണ്. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ അഭിപ്രായത്തിൽ, കുടുബകൂട്ടായ്മകൾ സജീവമാകുമ്പോഴാണ് അജപാലനശുശ്രൂഷ കാര്യക്ഷമ മാവുക എന്നാണ്. നാളിതുവരെ ദൈവം നൽകിയ നൻമ കൾക്കും വിശ്വാസതീക്ഷ്ണതയ്ക്കും, തികഞ്ഞ ആത്മീയതയ്ക്കും ഹൃദയപൂർവ്വം നന്ദി പറയാം. തുടർന്നുള്ള പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കാം. കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിനും, ദൈവം പ്രതിഫലം നൽകട്ടെ. കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാകുന്നു. (സങ്കീ 127,1). നമ്മുടെ പരിശ്രമങ്ങൾ ഒരിക്കലും പാഴായിട്ടില്ല. ദൈവം പ്രതിഫലം നൽകുമെന്നത് തീർച്ചയാണ്.

അവധിക്കാലത്തിന്റെ ആനന്ദത്തിലാണ് മാതാപിതാക്കളും മക്കളും. അവധിക്കാലം മാനസിക ഉല്ലാസത്തിനും വിശ്രമത്തിനുമുള്ള സമയമായിരിക്കുന്നതുപോലെ ആത്മീയോത്കർഷത്തിനും വിശ്വാസപോഷണത്തിനും ഉപയോഗപ്പെടുത്തേണ്ട കാലഘട്ടമാണ്. രജതജൂബിലിയുടെ മംഗളങ്ങളും ആനന്ദദായകമായ അവധിക്കാലവും പ്രതീക്ഷാനിർഭരമായ പുതിയ അദ്ധ്യയന വർഷവും നേർന്നുകൊണ്ട്

സ്നേഹപൂർവ്വം

നിങ്ങളുടെ വികാരിയച്ചൻ

ഫാ. ലൂക്കോസ് കുന്നത്തൂർ





## നവകുസുമങ്ങൾ

| വീട്ടുപേര് | മാതാപിതാക്കൾ | പേര് | യൂണിറ്റ് | തീയതി |
|---|---|---|---|---|
| 15. പാറയ്ക്ക | ഫ്രാൻസീസ് - റിനി | ആഷർ | സെന്റ് മൈക്കിൾ | 13.02.2011 |
| 16. പാറയ്ക്ക | ഫ്രാൻസീസ് - റിനി | ഫെയ്ൻ | സെന്റ് മൈക്കിൾ | 13.02.2011 |
| 17. തൈവളപ്പിൽ | റിജ്ജു ആന്റണി - ലിൻസി | ആഗൽ | സെന്റ് അൽഫോൻസ | 19.02.2011 |
| 18. കോട്ടയ്ക്കൽ | ഔസേഫ് - ജിജി | ജൂഡിത്ത് | ക്യൂൻ മേരി | 02.03.2011 |
| 19. വെളിയത്ത് | ബെന്നി ജോസ് - ജാക്‌ലിൻ | ഓസ്റ്റിൻ | സെന്റ് അൽഫോൻസ | 05.03.2011 |
| 20. തെക്കുംതല പള്ളത്തുകാട്ടിൽ | ഷിജ്ജു - റിനി | എമിൽ | സെന്റ് ആന്റണീസ് | 06.03.2011 |
| 21. പുത്തിരിയ്ക്കൽ | ഡേവീസ് - പ്രീമ | റയാൻ | സെന്റ് തോമാസ് | 26.03.2011 |
| 22. ആട്ടോക്കാരൻ | ബാബു - ട്ടെഫി | ആബേൽ ജോസഫ് | സെന്റ് വിൻസന്റ് | 03.04.2011 |
| 23. നാല്പാട്ട് | ബിജ്ജു - വിനിത | എബിൻ തോമാസ് | ദേവമാത | 08.08.2010 |
| 24. ചെരപ്പറമ്പൻ | ഷിബു - സൗമ്യ | ജിയന്ന റോസ് | സെന്റ് പോൾ | 26.12.2010 |
| 25. പാലത്തിങ്കൽ | ബനഡിക്ട് റെൻസൺ - ട്രീസ അൻജു | അയന | വേളാങ്കണ്ണിമാത | 23.01.2011 |
| 26. മേലേടൻ | ബേബി - സിമി | ഹെസിയമരിയ | വേളാങ്കണ്ണിമാത | 02.01.2011 |
| 27. പാലത്തിങ്കൽ | റെക്സൺ - സിമി | റെമി | വേളാങ്കണ്ണിമാത | 02.01.2011 |
| 28. പയ്യപ്പിള്ളി | ഷൈൻ ആന്റണി - ലിജി | എൽന | സെന്റ് തോമാസ് | 13.01.2011 |

## നവകുസുമങ്ങൾ

| വീട്ടുപേര് | മാതാപിതാക്കൾ | പേര് | യൂണിറ്റ് | തീയതി |
|---|---|---|---|---|
| 1. വാലയിൽ | കാസ്റ്റൺ ജോയ് - സൗമ്യ | ആൻജലിൻ മരിയ | സെന്റ് അഗസ്റ്റിൻ | 26.12.2010 |
| 2. തരകൻ കുരിശേരി | ബെന്നി - സിന്ധു | ബേനീഷ്യ | സെന്റ് മദർതെരേസ | 26.12.2010 |
| 3. മറ്റേക്കാടൻ | ജോബി വർഗ്ഗീസ് - ഡെൽഷ | ജോസഫ് | ഇൻഫന്റ് ജീസസ്സ് | 29.12.2010 |
| 4. പടിഞ്ഞാറേ വീട്ടിൽ | ജെയ്സൺ - സ്മിത | എസ്ത | നസ്രത്ത് യൂണിറ്റ് | 01.01.2011 |
| 5. മഞ്ഞളിമറ്റത്തിൽ | അജ്ജു ആന്റണി - ഷിജി | അലൈയ്ന | ക്യൂൻ മേരി | 02.01.2011 |
| 6. പാറപ്പുറം | ജോസഫ് ആന്റണി - സ്റ്റെഫി | സാവിയോ ജോസഫ് | ലിറ്റിൽ ഫ്ളവർ | 02.01.2011 |
| 7. നാല്പാടൻ | ജോമോൻ - ഷീജ | ലിയോ | സെന്റ് ജോർജ്ജ് | 03.01.2011 |
| 8. മണവാളൻ | ഷിജു - ദിവ്യ | നിമിയ | ഹോളി സ്പിരിറ്റ് | 03.01.2011 |
| 9. വെളിയത്ത് | ജിൻസോ ജോസ് - നൈസി | എലേന മരിയ | സെന്റ് അൽഫോൺസ | 15.01.2011 |
| 10. നാല്പാട്ട് | ലൂയീസ് - ബെറ്റി | ജന്ന ലൂയിസ് | ഇൻഫന്റ് ജീസസ് | 16.01.2011 |
| 11. തൈവളപ്പിൽ | ലിജു - ഷാരോൺ | ജിസ്ന | സെന്റ് അൽഫോൺസ് | 23.01.2011 |
| 12. വേഴപ്പറമ്പൻ | ബിജു വർഗ്ഗീസ് - ജിനി | ആൻമരിയ | സേക്രട്ട് ഹാർട്ട് | 31.01.2011 |
| 13. കാച്ചപ്പിള്ളി | ജെയ്സൺ - ലിപി | ആൻമേരി | സേക്രട്ട് ഹാർട്ട് | 06.02.2011 |
| 14. പുതുശ്ശേരി | സന്തോഷ് - ലിജി | ദേവസിക്കുട്ടി | സെന്റ് പീറ്റേഴ്സ് | 12.02.2011 |





## ചെറുവാളൂർ കക്കാട് കപ്പേളയിൽ അത്ഭുതപ്രവർത്തകനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ

**2011 ഏപ്രിൽ 30 മെയ് 1 (ശനി, ഞായർ) തീയതികളിൽ**

**ഏപ്രിൽ 30 ശനി**

6.30 pm : കൊടികയറ്റം, പ്രസുദേന്തി വാഴ്ച
കാർമ്മികൻ : വെരി. റവ. ഫാ. ലൂക്കോസ് കുന്നത്തൂർ (വികാരി, സെന്റ് മേരീസ് ഫൊറോന പള്ളി, കൊരട്ടി) തുടർന്ന് ലദീഞ്ഞ്, നൊവേന, ജപമാല

**മെയ് 1 ഞായർ**

6.00 pm : ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന
മുഖ്യകാർമ്മികൻ : റവ. ഫാ. ആന്റണി കല്ലൂക്കാരൻ (അസി. വികാരി, സെന്റ് മേരീസ് ഫൊറോന പള്ളി, കൊരട്ടി)
സന്ദേശം : റവ. ഫാ. സെബാസ്റ്റ്യൻ കല്ലുങ്ങൽ (അസി. വികാരി സെന്റ്. ആന്റണീസ് പള്ളി, എടക്കുന്ന്) നൊവേന, ലദീഞ്ഞ് - നേർച്ച പായസ വിതരണം

**തിരുനാളിനൊരുക്കമായ നൊവേന ഏപ്രിൽ 23 ശനി മുതൽ വൈകീട്ട് 7 മണിക്കുള്ള ജപമാലയെ തുടർന്ന് ഉണ്ടായിരിക്കും.**

## ആറ്റപ്പാടം സെന്റ് ജോസഫ്സ് ദേവാലയത്തിൽ വി. യൗസേപ്പ് പിതാവിന്റെ തിരുന്നാൾ മഹാമഹവും ഊട്ടുനേർച്ചയും

**2011 മെയ് 7,8 തിയ്യതികളിൽ**

**7–5–2011 ശനി**

വൈകീട്ട് 5.15ന് : പ്രസുദേന്തിവാഴ്ച, കൊടികയറ്റം
5.30 ന് : ദിവ്യബലി, പ്രസംഗം, ലദീഞ്ഞ് വെ.റവ. ഫാ. ലൂക്കോസ് കുന്നത്തൂർ
തുടർന്ന് പ്രദക്ഷിണം, കരിമരുന്ന് പ്രയോഗം

**8–5–2011 ഞായർ**

രാവിലെ 9.45 ന് : ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന
ഫാ. ഷിജോ മേപ്പിള്ളി CSsR(ലിഗോരി ഭവൻ, മറ്റൂർ)
പ്രസംഗം : ഫാ. മാർട്ടിൻ കല്ലറയ്ക്കൽ സി.എം.ഐ. (കരേറ്റുമാത ആശ്രമം, നീലീശ്വരം)
തുടർന്ന് **നേർച്ചസദ്യ**, വൈകീട്ട് 7.00 ന് : **സിനിമാ പ്രദർശനം**

**തിരുനാളിനൊരുക്കമായുള്ള നൊവേന ഏപ്രിൽ 27 ബുധനാഴ്ച വൈകീട്ട് 6.00 മണിയ്ക്ക് ആരംഭിക്കുന്നു. കൂടാതെ കപ്പൂച്ചിൻ ധ്യാനം ഏപ്രിൽ 29, 30, മെയ് 1 തീയതികളിൽ വൈകീട്ട് 6.00 മണിയുടെ വി. കുർബാന, നൊവേന, ലദീഞ്ഞ് എന്നിവയ്ക്ക് ശേഷം ഉണ്ടായിരിക്കും.**

## സസ്നേഹം

## വൈസ് ചെയർമാൻ



### ഏവർക്കും സ്നേഹം നിറഞ്ഞ ഈസ്റ്റർ ആശംസകൾ.

പരീക്ഷണ, പീഢാനുഭവ കുരിശുമരണ പുനഃരുത്ഥാനത്തിലൂടെ ശരീരത്തെയും മരണത്തെയും കീഴടക്കി യേശുനാഥൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വലതുഭാഗത്ത് ആസനസ്ഥനായിരിക്കുന്നു എന്നത് ഏതൊരു ക്രൈസ്തവനും ആത്മനിർവൃതി ഉളവാക്കുന്നതാണ്. പീഢാനുഭവ ഓർമ്മയിൽ നാം നോമ്പെടുത്ത് കുമ്പസാരിച്ച് പരിശുദ്ധ കുർബാന കൈകൊണ്ട് ആത്മനവീകരണം വരുത്തി ഒരു പുതിയ സൃഷ്ടി ആയിരിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. പീഢാനുഭവ സ്മരണകൾ സ്വയം വിലയിരുത്തലിനുള്ള അവസരമാകണം. ദൈവ പുത്രനായ യേശുക്രിസ്തു സ്വജീവിതത്തിലൂടെ മുന്നോട്ടുവച്ച ആശയങ്ങൾ ജീവിതത്തിൽ ഉൾക്കൊള്ളുവാൻ ശ്രമിക്കണം. ഒരിക്കലും അവയൊന്നും അനായാസേന ഉൾകൊള്ളാവുന്നവയല്ല. ദൈവവചനം ഉൾകൊള്ളുവാൻ വലിയ മുന്നൊരുക്കം അത്യാവശ്യമാണ്. മുന്നൊരുക്കമില്ലാതെ ദൈവവചനത്തെ അപഗ്രഥിക്കുമ്പോൾ ഒരു പക്ഷേ വചന ലക്ഷ്യത്തിനുപകരം വാച്യാർത്ഥം ഗ്രഹിച്ച് വഴിതെറ്റാൻ ഇടയുണ്ട്.

ക്രിസ്തു മുന്നോട്ടുവയ്ക്കുന്ന ജീവിത മാതൃകകളിൽ ഒരെണ്ണമെങ്കിലും ജീവിതത്തിൽ പകർത്തുവാൻ നമുക്കാകില്ലേ? സ്നേഹം, സഹനം, എളിമ, വിനയം, ക്ഷമ, സാഹോദര്യം, സദ്ഭാവന, ഔദാര്യം, ലാളിത്യം, അനുസരണ, ധ്യാനം, ഉപവാസം തുടങ്ങി അനുദിന ജീവിതത്തിൽ അനുവർത്തിക്കാവുന്ന എത്ര സദ്ഗുണങ്ങളാണ്, ദൈവീക ഭാവങ്ങളാണ് അവിടുന്ന് നമുക്ക് കാണിച്ചുതന്നിരിക്കുന്നത്. ഇതിൽ ഒരെണ്ണമെങ്കിലും ഈസ്റ്റർ വേളയിൽ നമുക്ക് പ്രാവർത്തികമാക്കാം. ക്രിസ്തീയ ഭാവങ്ങൾ ഉൾകൊള്ളുമ്പോൾ മാത്രമാണ് ഒരുവൻ ക്രിസ്തു അനുയായിയും അതുവഴി നിത്യ സൗഭാഗ്യത്തിന് അർഹനാകുന്നതും. ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ടോ, ജീവിച്ചതുകൊണ്ടോ. സമയബന്ധിതമായി കൂദാശകൾ കൈകൊണ്ടതുകൊണ്ടോ, ഒരുവന് രക്ഷ ലഭിയ്ക്കുമെന്ന് വിശ്വസിക്കവയ്യ. കർത്താവ് അരുളിചെയ്തത് ശ്രദ്ധിക്കുക ‘ ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം ലഭിക്കും’ . ഒന്ന് സ്പഷ്ടമാണ് ‘ കർമ്മഫലം’ അത് അനുഭവിക്കാതെ വയ്യ. സദ് കർമ്മങ്ങൾ ജീവനിലേയ്ക്കും ദുഷ് കർമ്മങ്ങൾ നരക യാതനകളിലേയ്ക്കും വഴിനയിക്കും. മറ്റുള്ളവരുടെ കുറവുകൾ തേടി





kotak®
Kotak Securities
1st Floor, Nandanam Building
Koratty. Ph-2732931, 9072392408
1st Floor,
Kadicheeni Complex
N. Chalakudy
Ph :2705235
Mob : 9895304750

ഷെയർ ട്രേഡിംങ്ങ് രംഗത്തും, അവധി വ്യാപാരരംഗത്തും, ക്രത്യതയോടും വിശ്വസ്ഥതയോടും കൂടി പ്രവർത്തിക്കുന്ന മികച്ച സ്ഥാപനം, കൊട്ടക്ക് സെക്യൂരിറ്റീസ്, കൊരട്ടിയിലും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. നിങ്ങളുടെ സമ്പാദ്യത്തിന്റെ സുരക്ഷിതമായ വളർച്ചയും, സംരക്ഷണവുമാണ് കൊട്ടക്ക് സെക്യൂരിറ്റീസിന്റെ ലക്ഷ്യം. ആദ്യം രജിസ്റ്റർ ചെയ്യുന്ന നൂറുപേർക്ക് ഡീമാറ്റ് എക്കൗണ്ടും പാൻകാർഡ് പ്രൊസസിംഗും തികച്ചും സൗജന്യമായിരിക്കും.

RAINBOW
INTERNET CAFE
1st Floor, Nandanam Building
Koratty. Ph-2732931, 9072392408

വേഗതയേറിയ ഇന്റർനെറ്റ് ബ്രൗസിംഗ് പി. എസ്. സി. ഓൺലൈൻ ആപ്ലിക്കേഷൻ, കംപ്യൂട്ടർ ഗെയിംസ്, ഫോട്ടോസ്റ്റാറ്റ് എന്നിവയ്ക്ക് കൊരട്ടിയിലെ ഏകസ്ഥാപനം റെയിൻബോ ഇന്റർനെറ്റ് കഫേ (A/C) പത്തു ദിവസത്തെ ഇന്റർനെറ്റ് പരിശീലനം
* സൗജന്യമായിരിക്കും.

## ക്രിസ്തുവിനായ് ഭവനം ഒരുക്കുന്നവർ

| ഫാമിലി യൂണിറ്റ് | ജൂൺ |
|---|---|
| 1. മേരിമാത | അച്ചാണ്ടി കുഞ്ഞി പൈലോ ആന്റണി |
| 2. സെന്റ് പീറ്റർ | ജോസഫ് കളപ്പുരയ്ക്കൽ |
| 3. സെ. ജോസഫ് | ആലപ്പാട്ട് പാലത്തിങ്കിൽ ആഗസ്തി തോമൻ |
| 4. ക്യൂൻമേരി | കോട്ടക്കൽ ഔസേപ്പ് ദേവസ്സി |
| 5. വേളാങ്കണ്ണിമാത | കളപ്പറമ്പത്ത് ലോനപ്പൻ തോമസ് |
| 6. സേക്രട്ട് ഹാർട്ട് | തട്ടിൽ വറീത് ലാസർ |
| 7. ഹോളി സ്പിരിറ്റ് | ഐനിക്കൽ റാഫേൽ പീറ്റർ |
| 8. സെ. ആന്റണി | മഞ്ഞളി അന്തോണി യോഹന്നാൻ |
| 9. സെ. പോൾ | ചെരപറമ്പൻ കൊച്ചുപൈലോ റീത്ത |
| 10. സെ. സേവ്യർ | മഞ്ഞളി അന്തോണി യോഹന്നാൻ |
| 11. ക്രിസ്തുരാജ | മൂഞ്ഞേലി പാക്കോ ആൻഡ്രൂസ് |
| 12. സെ. തോമാസ് | പുത്തിരിക്കൽ ദേവസ്സി പാപ്പച്ചൻ |
| 13. ദേവമാത | വാരനാട്ട് ഏലിക്കുട്ടി മാത്തച്ചൻ |
| 14. സെ. മൈക്കിൾ | വെളിയത്ത് തോമസ് ജസ്റ്റിൻ |
| 15. സെ.ഫ്രാൻസിസ് | പതിപറമ്പൻ ഔസേപ്പ് ജോർജ്ജ് |
| 16. സെ.മാർട്ടിൻ | അടമ്പുകുളം അന്റണി ജെയ്സൺ |
| 17. നസ്രത്ത് | നാല്പാട്ട് ജെയിംസ് ശാന്ത |
| 18. സെ. സെബാസ്റ്റ്യൻ | വടക്കുംപാടൻ വർഗ്ഗീസ് ഡേവിസ് |
| 19. ഹോളി ഗോസ്റ്റ് | ആച്ചാണ്ടി പൗലോസ് ഡേവിസ് |
| 20. സെ. അഗസ്റ്റിൻ | അടക്കാപറമ്പൻ ദേവസ്സി വർഗ്ഗീസ് |
| 21. ലിറ്റിൽ ഫ്ളവർ | പ്ലാക്കൽ വറീത് ജിജോ |
| 22. ഡോൺബോസ്ക്കോ | മുല്ലപറമ്പൻ കുഞ്ഞിപൈലോ ജോണി |
| 23. ഇൻഫന്റ് ജീസസ്സ് | നാല്പാട്ട് ദേവസ്സിക്കുട്ടി പൗലോസ് |
| 24. മദർ തെരേസ | അരിമ്പിള്ളി ദേവസ്സി തോമസ്സ് |
| 25. സെ. അൽഫോൺസാ | പാറേക്കാടൻ കുഞ്ഞുവറീത് ബാബു |
| 26. സെ. ജോർജ്ജ് | വെളിയത്ത് മത്തായി പോൾ |
| 27. സെന്റ് റോസ് | തൈക്കാടൻ തോമാസ് |
| 28. ഹോളി ഫാമിലി | മാറാട്ടുകുളം ചെറിയാൻ |
| 29. സെ. മേരീസ് | പറോക്കാരൻ ദേവസ്സി ആന്റണി |
| 30. സെ. വിൻസന്റ് | വടക്കുംപുറം വറീത് ബൈജു |





*നടക്കുന്നതിനിടെ കുറച്ച് സമയമെങ്കിലും സ്വയം വിലയിരുത്തുവാനും, തിരുത്തുവാനും മാറ്റി വയ്ക്കണം. കുറവുകളില്ലാത്ത മനുഷ്യനില്ല. എനിക്ക് കുറവുകൾ ഒന്നും തന്നെയില്ല, ഞാൻ എല്ലാംകൊണ്ടും പൂർണ്ണനാണ് എന്നൊക്കെ പറയുന്നവർ പലപ്പോഴും പോരായ്മകളുടെ ഭണ്ഡാരങ്ങളോ, അഹങ്കാരത്തിന്റെ ആൾ രൂപങ്ങളോ ആകാറുണ്ട്. ഒരു വ്യക്തിയെ ഏറ്റവും നന്നായി അറിയുന്നത് ആ വ്യക്തി തന്നെയാണ്. മറ്റാർക്ക് അറിയാവുന്നതിലും അധികം ഓരോരുത്തരേയും അവനവൻ തന്നെ അറിയുന്നു. അതുകൊണ്ടുതന്നെ തീരുമാനവും വരേണ്ടത് സ്വന്തം മനസ്സിൽ നിന്ന് തന്നെ എന്ന് തിരിച്ചറിഞ്ഞ് നന്മയിലേയ്ക്കുള്ള നല്ല വഴികൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. വചനങ്ങളിലെ ജീവിനുൾകൊണ്ടുകൊണ്ട് ഒരു നല്ല ക്രിസ്തു അനുയായിയും അതുവഴി നിത്യരക്ഷയും കൈവരിക്കാൻ ഇടവരട്ടെ. ഏവർക്കും സ്നേഹം നിറഞ്ഞ ഈസ്റ്റർ ആശംസകൾ നേരുന്നു.*

*കുടുംബയൂണിറ്റ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ബഹു. വികാരിയച്ചനെയും, ബഹു. കൊച്ചച്ചൻമാരേയും, ബഹു. സിസ്റ്റേഴ്സിനെയും, സെൻട്രൽ കമ്മിറ്റി ഭാരവാഹികളേയും, യൂണിറ്റ് ഭാരവാഹികളേയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. നാളിതുവരെ എല്ലാ പ്രവർത്തനങ്ങളും വൻ ജനപങ്കാളിത്തതോടെ വിജയിപ്പിച്ച ഏവരെയും നന്ദിയോടെ ഓർക്കട്ടെ. രണ്ട് വർഷത്തെ കർമ്മ നിരതമായ പ്രവർത്തനങ്ങൾക്ക് ശേഷം കൊരട്ടിയിൽ നിന്ന് സ്ഥലം മാറിപോയ ബഹു. സെബാസ്റ്റ്യൻ കല്ലുങ്കൽ അച്ചനെയും അദ്ദേഹത്തിന്റെ സേവനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. കല്ലുങ്കലച്ചന് എല്ലാവിധ ഭാവുകങ്ങളും ക്ഷേമൈശ്വര്യങ്ങളും നേരുന്നു. നമ്മുടെ ഇടവകയിലേയ്ക്ക് പുതുതായി വന്നിരിക്കുന്ന ബഹു. ആന്റണി കല്ലൂക്കാരനച്ചനെ നമുക്ക് സ്നേഹപൂർവ്വം വരവേൽക്കാം.*

*ദിവംഗതനായ എറണാകുളം - അങ്കമാലി അതിരൂപത മെത്രാപ്പോലിത്ത കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ ആത്മശാന്തിക്കായി നമുക്കൊന്നായി പ്രാർത്ഥിക്കാം. ക്രിസ്തീയ മാതൃകകൾ സ്വയം ജീവിതത്തിൽ പകർത്തി നമുക്കു മുന്നിൽ മാതൃകയായി ജീവിച്ച് മരിച്ച നമ്മുടെ പിതാവിന് കൊരട്ടി ഇടവകയിലെ എല്ലാവരുടേയും പേരിൽ ആയിരമായിരം ആദരാഞ്ജലികൾ അർപ്പിക്കട്ടെ. കാലത്തിന്റെ പൂർണ്ണതയിൽ നമ്മുടെ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അത്ഭുതങ്ങളും, അടയാളങ്ങളും ഉണ്ടാകുമെന്ന് ഉറപ്പാണ്. നമുക്ക് കാത്തിരിക്കാം.. പ്രാർത്ഥിക്കാം..*

*സ്നേഹപൂർവ്വം*

*വൈസ് ചെയർമാൻ*
***പ്രൊഫ: ഡോ. ജോജോ നാല്പാട്ട്***

# ഫാമിലി യൂണിയൻ വാർത്തകൾ

## മെയ്

**കാരുണ്യ പ്രവൃത്തികൾ : വിശക്കുന്നവന് ഭക്ഷണവും ദാഹിക്കുന്നവന് ദാഹജലവും**

**യോഹ 4, 1–15**

ജീവകാരുണ്യ വർഷത്തിലൂടെയാണ് നമ്മുടെ അതിരൂപത കടന്നുപോകുന്നത്. വിശ്വാസികളായ നമ്മുടെ ജീവിതത്തിലെ ആർദ്രഭാവം പരസ്പരം പ്രകടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഓർമ്മപ്പെടുത്താനും മാറ്റി വെയ്ക്കപ്പെട്ടിരിക്കുന്ന വർഷമാണ് കാരുണ്യവർഷം. സ്നേഹവും കാരുണ്യവും അവയുടെ പൂർണ്ണതയിൽ നാം കണ്ടെത്തുന്നത് ദൈവത്തിലാണ്. ദൈവത്തെ നമ്മൾ സർവ്വ നന്മ സ്വരൂപൻ, സ്നേഹസ്വരൂപൻ, കരുണാസമ്പന്നൻ എന്നൊക്കെ വിശേഷിപ്പിക്കുന്നത് ഇതുകൊണ്ടാണ്. യേശുനാഥന്റെ പഠനത്തിലും ജീവിതത്തിലും കാരുണ്യത്തിനും സ്നേഹത്തിനും വലിയ പ്രാധാന്യമുണ്ട്. യേശുവിൽ വിശ്വസിക്കുന്നവരായ നാം നിർബന്ധമായും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട പുണ്യങ്ങളാണ് സ്നേഹവും കാരുണ്യവും. വിശക്കുന്നവന്റെ മുമ്പിൽ അപ്പമായും ദാഹിക്കുന്നവന്റെ മുമ്പിൽ ദാഹജലമായും ഈശോ മാറിയിട്ടുണ്ട്. നമ്മുടെ ഇടയിലും ധാരാളം ആളുകൾ വിശക്കുന്നവർക്ക് ഭക്ഷണ പൊതികൾ എത്തിച്ചുകൊടുത്തും ദാഹിക്കുന്നവർക്ക് ജീവജലം പ്രദാനം ചെയ്തും ജീവിക്കുന്നവരുണ്ട്. ആഹാരവും വെള്ളവും ജീവസന്ധാരണത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാവുന്നതു പോലെ ആവശ്യക്കാരുമായി പങ്കുവെയ്ക്കുന്നത് ആത്മീയപോഷണത്തിന് സൗന്ദര്യം കൂട്ടുന്നതാണ്. യഥാർത്ഥ വിശ്വാസജീവിതം ഒരു വ്യക്തിയിൽ ആഴമായ കാരുണ്യവും സ്നേഹചൈതന്യവും വളർത്തുമെന്നത് അനിഷേധ്യമായ സത്യമാണ്. സഹോദരങ്ങളനുഭവിക്കുന്ന നിസ്സഹായതയുടെ മുമ്പിൽ ഉള്ളലിയാത്ത അവസ്ഥയുണ്ടെങ്കിൽ ഒരു വ്യക്തിയുടെ ആത്മീയ ജീവിതത്തിൽ എന്തോ പന്തികേടുണ്ട്.

## ജൂൺ

**കാരുണ്യ പ്രവൃത്തികൾ : വസ്ത്രവും പാർപ്പിടവും**

**മത്താ 25, 31–40**

കാരുണ്യവും സ്നേഹവും പൂത്തുലഞ്ഞുനില്ക്കുന്ന വ്യക്തികൾ മറ്റുള്ളവരുടെ ക്ഷേമ-ഐശ്വര്യത്തിനാണ് തങ്ങളുടെ സുഖത്തേക്കാൾ പ്രാധാന്യം നൽകുന്നത്. സമയവും ആരോഗ്യവും സമ്പത്തും എന്നുവേണ്ട തങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ചെലവിടാൻ അവർ എന്നും സന്നദ്ധരായിരിക്കും. രോഗം, സാമ്പത്തിക പരാധീനത, വസ്ത്രമില്ലായ്മ, പാർപ്പിടമില്ലായ്മ തുടങ്ങിയവ കൊണ്ട് ദുരി





# ക്രിസ്തുവിനായ് ഭവനം ഒരുക്കുന്നവർ

| ഫാമിലി യൂണിറ്റ് | ഓഗസ്റ്റ് |
|---|---|
| 1. മേരിമാത | പതപ്പിള്ളി അന്തോണി ജോസ് |
| 2. സെന്റ് പീറ്റർ | കണ്ണമ്പുഴ തോമസ് (എലിസബത്ത് ഗാർഡൻ) |
| 3. സെ. ജോസഫ് | വാഴപ്പിള്ളി പാവുണ്ണി കൊച്ചാക്കു |
| 4. ക്യൂൻമേരി | മറ്റത്തി ദേവസ്സി വർക്കി |
| 5. വേളാങ്കണ്ണിമാത | കോഴിപ്പാട്ട് ചാക്കപ്പൻ തോമസ് |
| 6. സേക്രട്ട് ഹാർട്ട് | ചിറ്റേൻ ജോസ് മറിയാമ്മ |
| 7. ഹോളി സ്പിരിറ്റ് | കളപുരയ്ക്കൽ പൊറിഞ്ചു ജോസ് |
| 8. സെ. ആന്റണി | കൊറ്റംപുറം സേവ്യാർ ജോസഫ് |
| 9. സെ. പോൾ | മഞ്ഞളി മറ്റത്തി വർക്കി ത്രേസ്യക്കുട്ടി |
| 10. സെ. സേവ്യർ | കൊറ്റപുറം സേവിയാർ ബിജു |
| 11. ക്രിസ്തുരാജ | ആലപ്പാട്ട് ഫ്രാൻസിസ് ജോസഫ് |
| 12. സെ. തോമാസ് | പൊറുത്തൂർ ആലീസ് ജെയിംസ് |
| 13. ദേവമാത | വാരനാട്ട് ആന്റണി മാത്യൂസ് |
| 14. സെ. മൈക്കിൾ | പുല്ലേലി വറീത് വർഗ്ഗീസ് |
| 15. സെ. ഫ്രാൻസിസ് | ഗോപുരൻ ഉറുമീസ് ഏല്യ |
| 16. സെ.മാർട്ടിൻ | പതിപറമ്പൻ തോമൻ ഔസേപ്പ് |
| 17. നസ്രത്ത് | അയിരൂക്കാരൻ കൊച്ചുവറീത് |
| 18. സെ. സെബാസ്റ്റ്യൻ | പറേക്കാടൻ മാത്യു ജോസ് |
| 19. ഹോളി ഗോസ്റ്റ് | വല്ലൂത്തടത്തിൽ ജോർജ്ജ് എൽസി |
| 20. സെ. അഗസ്റ്റിൻ | ആലപ്പാട്ട് തോമസ്സ് ബേബി |
| 21. ലിറ്റിൽ ഫ്ളവർ | തലക്കോട്ടൂർ ജോസ് ബാബു |
| 22. ഡോൺബോസ്ക്കോ | മുല്ലപറമ്പൻ കുഞ്ഞിപൈലോ ബേബി |
| 23. ഇൻഫന്റ് ജീസസ്സ് | മഠത്തിപറമ്പിൽ സേവ്യാർ പത്രോസ് |
| 24. മദർ തെരേസ | എ.കെ. ആന്റണി അരിമ്പിള്ളി |
| 25. സെ. അൽഫോൻസാ | നെരേപറമ്പൻ കുഞ്ഞിപാലു ജോർജ്ജ് |
| 26. സെ. ജോർജ്ജ് | പറോക്കാരൻ ജോസഫ് ഫ്രാൻസിസ് |
| 27. സെന്റ് റോസ് | ഗോപുരൻ ആന്റണി തോമാസ് |
| 28. ഹോളി ഫാമിലി | നാല്പാട്ട് ഇട്ടിയച്ചൻ ജോർജ്ജ് |
| 29. സെ. മേരീസ് | പറോക്കാരൻ വർഗ്ഗീസ് ആലീസ് |
| 30. സെ. വിൻസന്റ് | ചക്യേത്ത് പൗലോ ജോയ് |

# ക്രിസ്തുവിനായ് ഭവനം ഒരുക്കുന്നവർ

| ഫാമിലി യൂണിറ്റ് | ജുലായ് |
|---|---|
| 1. മേരിമാത | മണ്ടി ഔസേപ്പ് വർഗ്ഗീസ് |
| 2. സെന്റ് പീറ്റർ | അറയ്ക്കൽ പുതുക്കാട്ടുകാരൻ അച്ചാമ്മ |
| 3. സെ. ജോസഫ് | വാഴപ്പിള്ളി പാവുണ്ണി ജോസ് |
| 4. ക്യൂൻമേരി | തെക്കുംതല പള്ളത്തുകാട്ടിൽ ദേവസ്സികുട്ടി ബാബു |
| 5. വേളാങ്കണ്ണിമാത | പാലത്തിങ്കൽ അന്തോണി ഔസേപ്പ് |
| 6. സേക്രട്ട് ഹാർട്ട് | കാച്ചപ്പിള്ളി മാത്യു ബിജു |
| 7. ഹോളി സ്പിരിറ്റ് | കോടശ്ശേരി വറീത് ഔസേപ്പ് |
| 8. സെ. ആന്റണി | പള്ളിപ്പാട്ട് ദേവസ്സി ജോസ് |
| 9. സെ. പോൾ | ചെരപറമ്പൻ റാഫേൽ ജോൺ |
| 10. സെ. സേവ്യർ | പള്ളിപ്പാട്ട് ദേവസ്സി ജോസ് |
| 11. ക്രിസ്തുരാജ | പഞ്ഞിക്കാരൻ അന്തോണി ജോസഫ് |
| 12. സെ. തോമാസ് | കാളാംപറമ്പൻ ജോസ് ഡോണി |
| 13. ദേവമാത | മീൻവേലി കുരിയ വിൻസന്റ് |
| 14. സെ. മൈക്കിൾ | വല്ലൂരാൻ ദേവസി പൗലോസ് |
| 15. സെ. ഫ്രാൻസിസ് | പതിപറമ്പൻ ഔസേപ്പ് തോമസ് |
| 16. സെ.മാർട്ടിൻ | വെളിയത്ത് ആൽബർട്ട് ഏലിക്കുട്ടി |
| 17. നസ്രത്ത് | അയിരൂക്കാരൻ കൊച്ചുവറീത് ഡേവീസ് |
| 18. സെ. സെബാസ്റ്റ്യൻ | പള്ളത്തുകാട്ടിൽ ഔസേപ്പ് ജോസ് |
| 19. ഹോളി ഗോസ്റ്റ് | കാച്ചപ്പിള്ളി മാത്യു ഫ്രാൻസിസ് |
| 20. സെ. അഗസ്റ്റിൻ | തെക്കയിൽ അയിരൂക്കാരൻ ദേവസി ജോസ് |
| 21. ലിറ്റിൽ ഫ്ളവർ | തെക്കുംതല പള്ളത്താട്ടി കുഞ്ഞുവറീത് കോരുത് |
| 22. ഡോൺബോസ്ക്കോ | മുല്ലപറമ്പൻ കൊച്ചു ദേവസ്സി ഭാര്യ മറിയം |
| 23. ഇൻഫന്റ് ജീസസ്സ് | മറ്റേക്കാടൻ വർഗ്ഗീസ് ജോയ് |
| 24. മദർ തെരേസ | വി.ഒ. ജോയ് വെളിയത്ത് |
| 25. സെ. അൽഫോൻസാ | ചിറ്റിനപ്പിള്ളി ദേവസ്സി പോളി |
| 26. സെ. ജോർജ്ജ് | കണ്ണമാലി ആന്റണി ജോണി |
| 27. സെന്റ് റോസ് | വട്ടത്തറ ജോസഫ് പോൾ |
| 28. ഹോളി ഫാമിലി | കളപുരയ്ക്കൽ അന്തോണി ജോസ് |
| 29. സെ. മേരീസ് | പ്ലാക്ക കൊച്ചുവറീത് ദേവസി |
| 30. സെ. വിൻസന്റ് | മഠത്തിപറമ്പിൽ ദേവസി ഫിലോമിന |





തമനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നങ്ങളായിട്ടേ അവർ കാണുകയുള്ളു. കാരുണ്യത്തിന്റെ മൂർത്തിഭാവങ്ങളായ ഇത്തരം വ്യക്തികൾക്കാണ് നമ്മുടെ മനസ്സിലും സമൂഹത്തിലും ഉന്നതസിംഹാസനം നാം ഒരുക്കുന്നത്. അപരനെപ്പറ്റി യാതൊരുവിധ ചിന്തയുമില്ലാതെ സ്വാർത്ഥത പൂണ്ടുജീവിക്കുന്നവർ യഥാർത്ഥത്തിൽ വിഡ്ഢികളാണ്. അവർക്കാർക്കും നാം പൂജ്യതയും ആദരവും നല്കില്ല. വിഡ്ഢി വേഷം കെട്ടിയ ഒരു ധനാഢ്യനെപ്പറ്റിയുള്ള സുവിശേഷത്തിലെ പരാമർശനമുണ്ട് (ലൂക്കാ 12, 13-23). ജീവകാരുണ്യ വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപത 'കാരുണ്യ വില്ലാസ്' എന്ന പേരിൽ 125 വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചുകൊടുക്കുന്നത് പ്രശംസനീയമാണ്. ഉദാരമതികളുടെ സംഭാവനയും മറ്റുള്ളവരെപ്പറ്റി വലിയ കരുതലുള്ള വ്യക്തികളുടെ മഹാമനസ്കതയും ഈ പദ്ധതിയ്ക്ക് പുറകിലുണ്ട്. കാരുണ്യത്തിന്റെയും പരസ്പരമുള്ള കരുതലിന്റെയും ശൈലികൾ എല്ലാവരെയും പഠിപ്പിച്ചെടുക്കാനും ഇത്തരം പദ്ധതികൾ നമ്മെ സഹായിക്കും. വസ്ത്രവും പാർപ്പിടവും ഇല്ലാത്തവരെ സഹായിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നാം സമയം കണ്ടെത്തണം.

## ജൂലൈ

### കാരുണ്യപ്രവൃത്തികൾ : രോഗി- തടവറ സന്ദർശനവും അവശരെ സഹായിക്കുന്നതും

**മർക്കോ 10, 46-52**

ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരങ്ങൾക്ക് മാനുഷിക സഹായം നൽകാൻ അസംഖ്യം മാർഗങ്ങൾ ഉണ്ട്. ഭക്ഷണവും, വസ്ത്രവും, സമ്പത്തും, വിതരണം ചെയ്യാനും, പാർപ്പിടം നൽകാനും പരിചരിക്കാനും, ധാരാളം വ്യക്തികളും സമ്പ്രദായങ്ങളുണ്ട്. നമ്മുടെ അതിരൂപതയുടെ സഹൃദയ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി ആബാലവൃദ്ധം രോഗികൾക്ക് ആശ്വാസത്തിനും ചികിത്സയ്ക്കും പരിഹാരമാണ്. ഇവയ്ക്കുപുറമേ രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതും പാവപ്പെട്ടവരെ സഹായിക്കുന്നതും നമ്മുടെ ആർദ്രതയുടെ ബഹിർസ്ഫുരണമാണ്. പരോന്മുഖതയോടെ ജീവിക്കാൻ കടപ്പെട്ടവരാണ് നാം എന്ന ചിന്ത രൂപപ്പെടുത്താനും നമ്മെ സഹായിക്കുന്നതാണ് തടവറ സന്ദർശനം - ജീവിതത്തിന്റെ വ്യത്യസ്തമായ സാഹചര്യങ്ങളിൽ പിടിക്കപ്പെട്ട കുറ്റവാളികളെ പുനരധിവസിപ്പിയ്ക്കാനും സഹായിക്കാനും പ്രാർത്ഥിക്കാനും തടവറ സന്ദർശനം നമ്മെപ്രേരിപ്പിക്കണം. ഒരു വ്യക്തിയും കുറ്റക്കാരനായി ജനിക്കുന്നില്ല, അവന്റെ ജീവിത സാഹചര്യങ്ങളാണ് അങ്ങനെ ആക്കിതീർക്കുന്നത്. അവരോടും അവരുടെ മക്കളോടും അനുഭാവത്തോടെ പെരുമാറി അംഗീകരിക്കാനും സഹായിക്കാനും ഈ കാരുണ്യവർഷത്തിൽ നാം ശ്രദ്ധിക്കണം. വാഴ്ത്ത

പ്പെട്ട മദർതെരേസയും വി. വിൻസെന്റെ് ഡിപോളും ഫാദർ ഡാമിയനും രോഗികളെ ശുശ്രൂഷിച്ചും സ്നേഹിച്ചും പരിചരിച്ചും ആശ്വസിപ്പിച്ചും കഴിഞ്ഞ പ്രകാശഗോപുരങ്ങളാണ്. അനുകമ്പയും സ്നേഹവുമാണ് ഒരു വ്യക്തിയുടെ ജീവിതത്തെ ധന്യമാക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളെന്ന ചിന്ത നമ്മുടെ സമൂഹത്തിൽ രൂപപ്പെടുത്താൻ സഹായകമായ കർമ്മപരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ ആരെങ്കിലും മാറാരോഗങ്ങൾകൊണ്ടോ, തീരാവ്യാധികൾകൊണ്ടോ വിഷമിക്കുന്നുണ്ടെങ്കിൽ അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുവാനും പ്രാർത്ഥന വാഗ്ദാനം ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കണം.

## ആഗസ്റ്റ്

### കാരുണ്യപ്രവൃത്തികൾ : മരിച്ചവരെ അടക്കുന്നതും മരിച്ചവർക്കും ഉയിരവർക്കും വേണ്ടി പ്രാർത്ഥിക്കുന്നതും

**തോബിത് 2, 1–8**

ജീവിതത്തിന് ധന്യതയും സൗന്ദര്യവും നൽകുന്ന കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പെരുമാറ്റശൈലികൾ ഇളംതലമുറയിൽ വളർത്തിയെടുക്കുക കാരുണ്യവർഷാചരണത്തിന്റെ പ്രധാനപ്രവർത്തനമാകണം. മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുന്നതും മരിച്ചവർക്കുവേണ്ടി പ്രാർത്ഥനയും വി. കുർബാനയും നടത്തുന്നതും ജീവിച്ചിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അർത്ഥവത്താണോ, അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്നതും പലരും ചോദിക്കുന്ന സംശയമാണ്. വി. ഗ്രന്ഥവും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന പ്രയോജനപ്രദമാണെന്ന് പഠിപ്പിക്കുന്നുണ്ട്. അത് അവരോടുള്ള സ്നേഹാദരവുകളുടെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകവും പ്രകടനവുമത്രേ. മരിച്ചവരോടുള്ള സ്നേഹാദരവുകളും ഐക്യവും പ്രകടിപ്പിക്കാൻ ഉതകുന്ന അനുഷ്ഠാനങ്ങൾക്ക് മുൻഗണന നൽകണം. ഇവ മരിച്ചവരോടുള്ള സ്നേഹവും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതോടൊപ്പം ജീവിച്ചിരിക്കുന്നവരെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കുകയും ചെയ്യും. മിശിഹായുടെ മൗതീകശരീരം അങ്ങനെ വളരുകയും മരിച്ചവർ പ്രതീക്ഷിച്ചു കാത്തിരിക്കുന്ന അന്ത്യമഹത്വീകരണം ഒന്നുകൂടെ സമീപപസ്ഥമാക്കുകയും ചെയ്യും.





## ക്രിസ്തുവിനായ് ഭവനം ഒരുക്കുന്നവർ

| ഫാമിലി യൂണിറ്റ് | മെയ് |
|---|---|
| 1. മേരിമാത | മുക്രാപിള്ളി റെജി പൗലോസ് |
| 2. സെന്റ് പീറ്റർ | കണ്ണമ്പുഴ ജോസ് (എലിസബത്ത് ഗാർഡൻ) |
| 3. സെ. ജോസഫ് | പ്ലാശ്ശേരി പൈലി ജോസ് |
| 4. ക്യൂൻമേരി | നമ്പാടൻ പൗലോസ് ജോസ് |
| 5. വേളാങ്കണ്ണിമാത | മറ്റേക്കാടൻ ചാക്കപ്പൻ ജോസഫ് |
| 6. സേക്രട്ട് ഹാർട്ട് | തട്ടിലാൽ ഔസേപ്പ് ബേബി |
| 7. ഹോളി സ്പിരിറ്റ് | മണവാളൻ വറീത് വാറുണ്ണി |
| 8. സെ. ആന്റണി | അട്ടിപ്പെറ്റി ഫിലിപ്പ് മാത്യൂസ് |
| 9. സെ. പോൾ | കളപറമ്പത്ത് തോമസ് ത്രേസ്യക്കുട്ടി |
| 10. സെ. സേവ്യർ | അട്ടിപ്പറ്റി ഫിലിപ്പ് മാത്യു |
| 11. ക്രിസ്തുരാജ | വെളിയത്ത് തോമസ് ചെറിയാൻ |
| 12. സെ. തോമസ് | മേനാച്ചേരി ഇട്ടൂപ്പ് വർഗ്ഗീസ് |
| 13. ദേവമാത | മാടമന ലോനപ്പൻ ജെയിംസ് |
| 14. സെ. മൈക്കിൾ | വെളിയത്ത് തോമസ് ജസ്റ്റിൻ |
| 15. സെ.ഫ്രാൻസിസ് | ഗോപുരൻ വറീത് ജോസ് |
| 16. സെ.മാർട്ടിൻ | തെക്കിനിയത്ത് വറുതുണ്ണി പൗലോസ് |
| 17. നസ്രത്ത് | നാല്പാട്ട് ദേവസ്സി കത്രീന |
| 18. സെ. സെബാസ്റ്റ്യൻ | പാലത്തുരുത്തിൽ ജോസഫ് ജോർജ്ജ് |
| 19. ഹോളി ഗോസ്റ്റ് | പറമ്പി പാനു വർഗ്ഗീസ് |
| 20. സെ. അഗസ്റ്റിൻ | കണ്ടംചേരി തോമാസ് സാണ്ടർ |
| 21. ലിറ്റിൽ ഫ്ളവർ | മഞ്ഞളി കുഞ്ഞുവറീത് ഡെന്നി |
| 22. ഡോൺബോസ്കോ | പയ്യപ്പിള്ളി ലിസി പോളി |
| 23. ഇൻഫന്റ് ജീസസ്സ് | കളപ്പുരയ്ക്കൽ ജോസഫ് സൈബാൾ |
| 24. മദർ തെരേസ | തലക്കാട്ടൂർ ജെയിംസ് എൽസി |
| 25. സെ.അൽഫോൺസാ | പുതുശേരി അഗസ്തി ദേവസി |
| 26. സെ. ജോർജ്ജ് | ഗോപുരൻ ഔസേപ്പ് സണ്ണി |
| 27. സെന്റ് റോസ് | വലിയ വെളിയിൽ ഈയോ ജോസഫ് |
| 28. ഹോളി ഫാമിലി | ശങ്കുരിക്കൽ തോമസ് റോസി |
| 29. സെ. മേരീസ് | കരോട്ടുപറമ്പിൽ ദേവസ്സി കൊച്ചന്നം |
| 30. സെ. വിൻസന്റ് | പയ്യപ്പിള്ളി ചാക്കുണ്ണി ജോസ് |

അതിനുശേഷം അനേകവർഷക്കാലം റിഡംപ്റ്ററിസ്റ്റ് സെമിനാരിയിൽ പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. ഇതിനിടയിൽ അദ്ദേഹം റിഡംപ്റ്ററിസ്റ്റ് ബാംഗ്ലൂർ പ്രൊവിൻസിന്റെ പ്രൊവിൻഷ്യലായും വികാർ പ്രൊവിൻഷ്യലായും, പരിശീലകനായും ചൊവ്വര നിത്യസഹായമാതാ ആശ്രമത്തിലും സേവനമനുഷ്ഠിച്ചു. 1996 ഡിസംബർ 18 ന് സീറോ മലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു. 1997 ജനുവരി 6 ന് മാർ ആന്റണി പടിയറയുടെ പിൻഗാമിയായി അഭിഷേകം ചെയ്യപ്പെട്ടു.

1999 ഡിസംബർ 23 ന് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി പരിശുദ്ധസിംഹാസനം അദ്ദേഹത്തെ നിയമിച്ചു. 2000 ജനുവരി 26 നായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ. 2001 ജനുവരി 21 ന് പിതാവ് കർദ്ദിനാളായി ഉയർത്തപ്പെട്ടു. 2008 ൽ സി.ബി.സി.ഐ. പ്രസിഡന്റായി പ്രവർത്തിച്ചു. അദ്ദേഹത്തെ തേടിയെത്തിയ പല അംഗീകാരങ്ങളും അദ്ദേഹം സ്വീകരിച്ചില്ല. കാരണം, അദ്ദേഹത്തിലെ എളിമയും ജീവിത ശൈലിയും അതിന് അനുവദിച്ചില്ല. വിതയത്തിൽ പിതാവിന്റെ എല്ലാ നന്മകൾക്കും നേട്ടങ്ങൾക്കും അപ്പുറം അദ്ദേഹത്തിന്റെ ജീവിതം മാതൃകയാക്കണം. അദ്ദേഹം എന്നും പറഞ്ഞിട്ടുള്ളതുപോലെ നല്ല മനുഷ്യരായി തീരുവാനും നമുക്കു ശ്രമിക്കാം.








## ഇടവക ഡയറി

| | | |
|---|---|---|
| 2011 മെയ് 1 | | |
| 9.00 am | : | ആദ്യകുർബാന സ്വീകരണം |
| 2011 മെയ് 14 | : | പാരിഷ് ഫെസ്റ്റ് |
| 6.00 pm | : | കുടുംബയൂണിറ്റടിസ്ഥാനത്തിൽ കലാമത്സരങ്ങൾ |
| 2011 മെയ് 15 | : | ഫാമിലിയൂണിയൻ സെൻട്രൽ കമ്മിറ്റി രജതജൂബലി സമാപനം |
| 4.45 pm : | | കൃതജ്ഞതാബലി<br>കാർമ്മികൻ : **മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**<br>തുടർന്ന് സമാപന സമ്മേളനം |
| 2011 മെയ് 28 | : | അധ്യയന വർഷാരംഭപ്രാർത്ഥനാദിനം |
| 9.45 am | : | വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക ആരാധന, വി.കുർബാന, മധ്യസ്ഥ പ്രാർത്ഥന (കാഴ്ചസമർപ്പണത്തിന് പഠനോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്) |
| 11.30 am | : | കുഞ്ഞുങ്ങളെ എഴുത്തിനിരുത്തൽ |
| ജൂലായ് 1 | : | ഈശോയുടെ തിരുഹൃദയതിരുന്നാൾ (രാത്രി 8 മണിയ്ക്ക് ഇടവകയിലെ എല്ലാ ഭവനങ്ങളിലും തിരുഹൃദയ പ്രതിഷ്ഠ നടത്തണം) |
| ജൂലായ് 3 | : | സെന്റ് തോമസ് ദിനം (ദുക്റാന തിരുനാൾ) |
| 5.30 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |
| 9.00 am | : | വി. കുർബാന |
| 4.45 pm | : | വി. കുർബാന |





ചൈതന്യം പിതാവു സ്വായത്തമാക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ മാർപ്പാപ്പമാരെല്ലാം വർക്കി പിതാവിനെ ഏറെ ആദരിച്ചിരുന്നു.

അല്മായരെയും യുവജനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും അവരിൽ പ്രതീക്ഷ അർപ്പിക്കുകയും ചെയ്ത പിതാവായിരുന്നു അദ്ദേഹം. കുടുംബാരൂപിയും, പങ്കാളിത്തശൈലിയും അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. സീറോ മലബാർ സഭയുടെ ദ്രുതഗതിയിലുള്ള വളർച്ചക്ക് അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഈ സുകൃതങ്ങൾ കാരണമായിരുന്നു. കത്തോലിക്കാ സഭയെ പ്രത്യേകിച്ച്, സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം നികത്താനാവാത്ത നഷ്ടമാണ് വർക്കി പാതാവിന്റെ നിര്യാണം.

1927 മെയ് 29 ന് വടക്കൻ പറവൂരിലാണ് പിതാവിന്റെ ജനനം. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1946 ൽ വൈദികനാകാനുള്ള തന്റെ ആഗ്രഹമനുസരിച്ച് വി. അൽഫോൻസ് ലിഗോരിയാൽ സ്ഥാപിതമായ ദിവ്യരക്ഷകസഭയുടെ ബാംഗ്ലൂരിലുള്ള ആശ്രമത്തിൽ പ്രവേശിച്ചു. 1947 ൽ പ്രഥമവ്രത വാഗ്ദാനവും 1950 ൽ നിത്യവ്രത വാഗ്ദാനവും നടത്തി. 1954 ജൂൺ 12 ന് ബാംഗ്ലൂരിലുള്ള ഹോളിഗോസ്റ്റ് ദേവാലയത്തിൽ വച്ച് അഭിവന്ദ്യ തോമസ് പോത്തക്കാമുറി പിതാവിന്റെ കൈവയ്പുവഴി അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. പഠനത്തിലുള്ള അദ്ദേഹത്തിന്റെ മികവു കണ്ടറിഞ്ഞ അധികാരികൾ അദ്ദേഹത്തെ റോമിലേക്കയച്ചു. തന്റെ മാതൃസഭയോടുള്ള സ്നേഹത്തെ പ്രതി "സീറോ മലബാർ സഭയുടെ ഹയരാർക്കി" എന്ന വിഷയത്തിൽ അദ്ദേഹം ഡോക്ടറേറ്റു നേടി.

സഭയുടെ തലവനെന്ന നിലയിൽ വർക്കി പിതാവ് ഏറ്റെടുത്ത ദൗത്യം സീറോ മലബാർ സഭയിലെ മെത്രാന്മാരുടെയും വൈദീകരുടെയും ഇടയിൽ ഐക്യമുണ്ടാക്കും എന്നതായിരുന്നു. വലിയ ഭരണ തന്ത്രജ്ഞനൊന്നുമല്ലാതിരുന്ന വർക്കിപിതാവ് തന്റെ ദൗത്യം നിറവേറ്റാൻ, ജീവിത വിശുദ്ധിയും തന്റെ കൂടെയുള്ളവരെ ശ്രവിക്കാനുള്ള ആർജ്ജവത്വവുമാണ് ഉപയോഗിച്ചത്. അത് സീറോ മലബാർ സഭയെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്നും കരകയറാൻ സഹായിച്ചു എന്നു നിസ്സന്ദേഹം പറയാനാകും.

1996 ൽ യാദൃശ്ചികമായാണ് സീറോ മലബാർ സഭയുടെയും, എറണാകുളം - അങ്കമാലി അതിരൂപതയുടെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി അദ്ദേഹം കടന്നുവന്നത്. പിന്നീട് സഭാതലവനായും മേജർ ആർച്ചു ബിഷപ്പായും, കർദ്ദിനാളായും പിതാവിന്റെ പ്രേഷിത മേഖല വികാസം പ്രാപിക്കുകയായിരുന്നു. അധികാരം സേവനത്തിന്റെ മാർഗ്ഗമാണെന്ന അവബോധത്തിൽ നിന്നുകൊണ്ട് പ്രവർത്തിച്ചതിനാൽ തന്റെ അധികാരം ആരുടെമേലും അടിച്ചേൽപ്പിക്കാൻ വർക്കിപിതാവിനു സാധിക്കുമായിരുന്നില്ല. അധികാര വികേന്ദ്രീകരണത്തിൽ തികഞ്ഞ ആത്മവിശ്വാസം പ്രകടിപ്പിച്ചിരുന്ന പിതാവ്, എറണാകുളം - അങ്കമാലി അതിരൂപതയിൽ സഹായമെത്രാന്മാർക്കും സിനഡിൽ മറ്റു മെത്രാന്മാർക്കും ധാരാളം സ്വാതന്ത്ര്യം കൊടുത്തിരുന്നു. സഭയിൽ വൈദീകരുടെയും സന്യസ്തരുടെയും അഭിപ്രായങ്ങൾക്ക് വിലകല്പിച്ചിരുന്നു എന്നു മാത്രമല്ല ഏതു പ്രശ്നത്തെയും ദൈവീകമായ പുഞ്ചിരികൊണ്ടു നേരിടുവാനുള്ള ആത്മീയ





| | | |
|---|---|---|
| ഓഗസ്റ്റ് 15 | : | പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുന്നാൾ<br>ഇന്ത്യൻ സ്വാതന്ത്ര്യ ദിനം |
| 5.30 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന , തുടർന്ന് പതാകഉയർത്തൽ |
| 9.00 am | : | വി. കുർബാന |
| 2.00 pm | : | ബൈബിൾ ക്വിസ് മത്സരം |
| 4.45 pm | : | വി. കുർബാന |

## ബൈബിൾ ക്വിസ് / ലോഗോസ്സ് ക്വിസ്

**പഠന ഭാഗം :** പത്രോസ് ശ്ലീഹായുടെ ഒന്നാമത്തെ ലേഖനം, പുറപ്പാട് - 16 മുതൽ 24 വരെ അദ്ധ്യായങ്ങൾ & മത്തായി - 15 മുതൽ 28 വരെ അദ്ധ്യായങ്ങൾ

**ബൈബിൾ ക്വിസ് മത്സരം 15.8.2011 - 2.00pm - ചർച്ച് എൽ.പി. സ്കൂൾ, കൊരട്ടി**



എറണാകുളം അങ്കമാലി
അതിരൂപതാ പാസ്റ്ററൽ
കൗൺസിൽ പ്രതിനിധികളായി
തിരഞ്ഞെടുക്കപ്പെട്ട
ശ്രീ ജോസഫ് വർഗ്ഗീസിനും,
ഡോ. ജോജോ നാല്പാട്ടിനും
അഭിനന്ദനങ്ങൾ !!!



# ബൈബിൾ ക്വിസ്

**മർക്കോസ് 1–8**

1. "ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നും വളരെ ദൂരെയാണ്." ഇത് ആരുടെ പ്രവചനമാണ് ?
2. യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്ക് വന്നത് എപ്പോൾ?
3. 'നീ ദൈവപുത്രനാണ് "എന്ന് യേശുവിന്റെ മുമ്പിൽ വീണ് വിളിച്ചുപറഞ്ഞതാര് ?
4. യേശുവിന്റെ പ്രബോധനത്തെപറ്റി അവർ വിസ്മയഭരിതരായത് എന്തുകൊണ്ട്?
5. യേശു ദൈവദൂഷണം പറയുന്നുവെന്ന് നിയമജ്ഞരിൽ ചിലർ പറയാൻ കാരണമെന്ത്?
6. ശിമയോന്റേയും അന്ത്രയോസിന്റേയും ഭവനത്തിലേക്ക് ആരുടെ കൂടെയാണ് യേശുപോയത്?
7. യേശു ആരെന്നാണ് ഹേറോദേസ് പ്രസ്താവിച്ചത്?
8. സംസാരിക്കുവാൻ പിശാചുക്കളെ യേശു അനുവദിക്കാതിരുന്നത് എന്തുകൊണ്ട്?
9. ഏഴപ്പം നാലായിരം പേർക്ക് വീതിച്ചപ്പോൾ മിച്ചം വന്ന കഷ്ണങ്ങൾ എത്ര കുട്ട ശേഖരിച്ചു?
10. ജായ്റോസ് ആരായിരുന്നു?



## ഉപകാരസ്മരണ

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ
ഉദ്ദിഷ്ഠകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
വൈകിയതിന് ക്ഷമാപണം
എന്ന്,

**ഒരു വിശ്വാസി**
**നസ്രത്ത് യൂണിറ്റ്**





# സീറോ മലബാർ സഭയുടെ വലിയ ഇടയൻ കാർഡിനൽ മാർ വർക്കി വിതയത്തിൽ

**(1927 - 2011)**



സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്, ഇന്ത്യൻ മെത്രാൻ സമിതിയുടെയും കേരള മെത്രാൻ സമിതിയുടെയും അധ്യക്ഷൻ എന്നീ പദവികളേക്കാൾ ഒരു പക്ഷേ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് ചരിത്രത്തിൽ അറിയപ്പെടുന്നത് ജീവിത വിശുദ്ധിയും തുറന്ന മനസ്സുമുള്ള ഒരു ആത്മീയ നേതാവ് എന്ന പേരിലായിരിക്കും. ക്രിസ്തുവിന്റെ മാനുഷിക മുഖം അതിന്റെ ആർദ്രഭാവത്തിൽ പ്രതിഫലിപ്പിച്ച ഒരു വ്യക്തിത്വത്തിനുടമയായിരുന്നു വർക്കി പിതാവ്.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ "അജഗണത്തിന്റെ ഇടയന്മാർ" എന്ന അപ്പസ്തോലിക പ്രബോധത്തിൽ മെത്രാന്മാർ ദൈവീക പുണ്യങ്ങളാൽ ജീവിതത്തെ വ്യാഖ്യാനിക്കേണ്ടവരാണ് എന്ന് എഴുതിയിട്ടുണ്ട്. ഈ സത്യം അഭിവന്ദ്യ പിതാവിന്റെ ജീവിതത്തിലും അന്വർത്ഥമായിരുന്നു. സ്വന്തം ജീവിതത്തിൽ വിശുദ്ധിയുടെ പരിമളം പരത്താനും വിജ്ഞാനത്തിന്റെ പ്രകാശം ചൊരിയാനും വർക്കി പിതാവിനു സാധിച്ചത് ആഴമുള്ള ആത്മീയ അനുഭവത്തിൽനിന്നുമാണ്. ദൈവീകമനുഷ്യനാകാതെ ആർക്കും ദൈവസേവകനാകാൻ സാധ്യമല്ല എന്ന ശ്രേഷ്ഠമായ സന്ദേശമായിരുന്നു വർക്കി പിതാവിന്റെ ജീവിതം.

## പാരിഷ് ഫാമിലി യൂണിയൻ
## പ്രതിമാസ ഹാജർ നിലവാരം (%)
### ഫെബ്രുവരി– ഏപ്രിൽ 2011

| ക്രമ നമ്പർ | കുടുംബ യൂണിറ്റ് | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|
| 1. | സെ. അൽഫോൻസ | 77.78 | 77.78 | 69.44 |
| 2. | സെ. ആന്റണിസ് | 71.19 | 88.14 | 72.88 |
| 3. | സെ. അഗസ്റ്റിൻസ് | 86.11 | 92.11 | 81.58 |
| 4. | ക്രിസ്തുരാജ | 70.00 | 76.47 | 71.76 |
| 5. | ദേവമാത | 80.39 | 90.20 | 75.00 |
| 6. | ഡോൺബോസ്കോ | 80.00 | 81.82 | 76.36 |
| 7. | സെ. ഫ്രാൻസിസ് | 97.10 | 95.65 | 95.65 |
| 8. | സെ. ജോർജ്ജ് | 70.45 | 72.73 | 68.18 |
| 9. | ഹോളിഫാമിലി | 69.81 | 79.63 | 72.22 |
| 10. | ഹോളിഗോസ്റ്റ് | 84.44 | 86.05 | 86.05 |
| 11. | ഹോളി സ്പിരിറ്റ് | 58.89 | 78.89 | 72.41 |
| 12. | ഇൻഫെന്റ് ജീസസ് | 80.95 | 77.38 | 73.81 |
| 13. | സെ. ജോസഫ് | 91.11 | 91.11 | 84.44 |
| 14. | ലിറ്റിൽ ഫ്ളവർ | 82.35 | 94.12 | 82.35 |
| 15. | സെ. മാർട്ടിൻ | 86.36 | 86.36 | 75.00 |
| 16. | മേരിമാത | 86.75 | 91.57 | 92.68 |
| 17. | സെ.മേരീസ് | 91.80 | 86.67 | 91.80 |
| 18. | സെ. മൈക്കിൾ | 69.49 | 72.88 | 65.00 |
| 19. | മദർ തെരേസ | 86.21 | 75.86 | 68.97 |
| 20. | നസ്രത്ത് | 82.09 | 78.79 | 70.77 |
| 21. | സെ. പോൾ | 71.43 | 85.71 | 80.36 |
| 22. | സെ. പീറ്റർ | 91.03 | 94.87 | 89.74 |
| 23. | ക്യൂൻമേരി | 91.07 | 96.43 | 89.29 |
| 24. | സെ. റോസ് | 76.60 | 85.11 | 72.34 |
| 25. | സേക്രട്ട് ഹാർട്ട് | 67.06 | 81.93 | 72.94 |
| 26. | സെ. സെബാസ്റ്റ്യൻ | 84.62 | 84.62 | 87.69 |
| 27. | സെ. തോമസ് | 75.51 | 86.00 | 80.00 |
| 28. | വേളാങ്കണ്ണിമാത | 85.53 | 78.95 | 94.52 |
| 29. | സെ. വിൻസന്റ് | 93.33 | 84.44 | 93.33 |
| 30. | സെ. സേവ്യർ | 82.81 | 85.94 | 78.79 |
| | **ഇടവക ശരാശരി** | **80.19** | **84.58** | **79.71** |





## കഴിഞ്ഞലക്കം ശരിയുത്തരം നൽകിയവർ

| | |
|---|---|
| 1. റോസി തോമസ് കോഴിപ്പാട്ട് | വേളാങ്കണ്ണിമാത യൂണിറ്റ് |
| 2. മേരി ആന്റണി കവലക്കാടൻ | ” |
| 3. ഷിന്റോ ജോജി കവലക്കാടൻ | ” |
| 4. ഷാന്റോ ജോജി കവലക്കാടൻ | ” |
| 5. ജെസ്റ്റി ഫ്രൻസിസ് കവലക്കാടൻ | ” |
| 6. അനൂപ് പോൾ മാളിയേക്കൽ | ” |
| 7. ചിന്നു പോൾ മാളിയേക്കൽ | ” |
| 8. ഷീബ ജോസഫ് ആലേങ്ങാടൻ | ” |
| 9. റിൻസി ആന്റണി തോട്ടത്തിൽ | ” |
| 10. തങ്കമ്മ ആന്റണി തോട്ടത്തിൽ | ” |
| 11. അന്നമ്മ പൗലോസ് കവലക്കാടൻ | “ |
| 12. ടി. കെ. ആന്റണി തോട്ടത്തിൽ | “ |
| 13. സോണിയ ജെയിംസ് തോട്ടത്തിൽ | ” |
| 1. ജാൻസി ജോഷി പയ്യപ്പിള്ളി കൊളുവൻ | സെ.മേരീസ് |
| 2. സനോജ് ജോഷി പയ്യപ്പിള്ളി കൊളുവൻ | ” |
| 3. സെലീന ഈപ്പൻ പയ്യപ്പിള്ളി കൊളുവൻ | ” |
| 4. മനോജ് ജോഷി പയ്യപ്പിള്ളി കൊളുവൻ | ” |
| 5. ജോയ്നാ തരിയൻ | ” |
| 6. ഷാരോൺ ജോൺ | ” |
| 1. ജിഫ്ന ഫ്രാങ്ക്ളിൻ പടുതല | ക്യൂൻമേരി യൂണിറ്റ് |
| 2. പടുതല ഫ്രാങ്കിൻ ജിഫിൻ | ” |
| 1. മിനി ഡേവീസ് വെളിയത്ത് | സെന്റ് റോസ് |
| 2. അമ്മിണി ജോസഫ് പള്ളിപ്പാട്ട് | ” |

| | |
|---|---|
| 1. റോസി പൗലോസ് വാഴപ്പിള്ളി | സെ. ജോസഫ് |
| 1. ലിസ്സി തോമസ് വാരനാട് | ദേവമാതാ |
| 2. കെ. ടി. ഫ്രാൻസിസ് | ” |
| 3. ആനി ഫിലിപ്പ് നെല്ലിക്കൻ | ” |
| 4. അൽജോ ഷോണി തെക്കുംതല | ഹോളി ഫാമിലി |
| 5. ബിന്ദു ഷോണി തെക്കുംതല | ” |
| 6. അലീന ഷോണി തെക്കുംതല | ” |
| 1. റോസലിൻ ജോൺ വിതയത്തിൽ | സെ.തോമസ്സ് |
| 2. വിയാനി സൈമൺ ചിറ്റിലപ്പിള്ളി | ” |
| 1. ടി. ടി. ഡേവിസ് തെക്കിനേയത്ത് | സെ. മാർട്ടിൻ |
| 2. ചീരക്കുഴി ജോസ് ഓമന | ” |
| 1. ഹിൽഡ ഡേവിസ് അരിമ്പിള്ളി | മദർ തെരേസ |
| 2. ലിവിൻ ഡേവിസ് അരിമ്പിള്ളി | ” |
| 3. ലിസ്സി ഡേവിസ് അരിമ്പിള്ളി | ” |
| 4. ഡേവിസ് അരിമ്പിള്ളി | ” |
| 1. സെലിൻ ദേവസ്സി ഗോപുരം | സെ. സെബാസ്റ്റ്യൻ |
| 2. ആനി പോൾ വടക്കുംപാടൻ | ” |


## വധുവിനെ ആവശ്യമുണ്ട്

Age : 31 , Hight - 5.8” - Fair
Ancient R.C. Family, Koratty
Mob: 9349933802, E-mail : josecim4son@gmail.com
C.A. Articleship / B.com
Accountant - Pvt. Ltd. com, Ernakulam

**ഡിഗ്രി ഉള്ളവർ ബന്ധപ്പെടുക.**

മദർതെരേസ യൂണിറ്റ്






## പാരിഷ് ഫാമിലി യൂണിയൻ
## യൂണിറ്റ് തിരിച്ചുള്ള അംഗത്വവിവരം

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | രജിസ്റ്റർ പ്രകാരം കുടുംബാംഗങ്ങളുടെഎണ്ണം | വിദേശത്ത് ആയിരിക്കുന്നവരും കിടപ്പുരോഗികളും | നിലവിൽ സ്ഥലത്തുള്ളവർ |
|---|---|---|---|---|
| 1. | സെ. അൽഫോൻസ | 77 | 5 | 72 |
| 2. | സെ. ആന്റണീസ് | 64 | 5 | 59 |
| 3. | സെ. അഗസ്റ്റിൻസ് | 40 | 2 | 38 |
| 4. | ക്രിസ്തുരാജ | 90 | 5 | 85 |
| 5. | ദേവമാത | 52 | 1 | 51 |
| 6. | ഡോൺ ബോസ്കോ | 57 | 2 | 55 |
| 7. | സെ. ഫ്രാൻസിസ് | 74 | 5 | 69 |
| 8. | സെ. ജോർജ്ജ് | 51 | 7 | 44 |
| 9. | ഹോളി ഫാമിലി | 56 | 2 | 54 |
| 10. | ഹോളി ഗോസ്റ്റ് | 45 | 2 | 43 |
| 11. | ഹോളി സ്പിരിറ്റ് | 93 | 3 | 90 |
| 12. | ഇൻഫന്റ് ജീസസ് | 94 | 10 | 84 |
| 13. | സെ. ജോസഫ് | 48 | 3 | 45 |
| 14. | ലിറ്റിൽ ഫ്ളവർ | 92 | 7 | 85 |
| 15. | സെ. മാർട്ടിൻ | 52 | 8 | 44 |
| 16. | മേരി മാതാ | 91 | 8 | 83 |
| 17. | സെ. മേരീസ് | 61 | 1 | 60 |
| 18. | സെ. മൈക്കിൾ | 64 | 5 | 59 |
| 19. | മദർ തെരേസ | 31 | 2 | 29 |
| 20. | നസ്രത്ത് | 68 | 2 | 66 |
| 21. | സെ. പോൾ | 65 | 9 | 56 |
| 22. | സെ. പീറ്റർ | 79 | 1 | 78 |
| 23. | ക്യൂൻമേരി | 60 | 4 | 56 |
| 24. | സെ. റോസ് | 50 | 3 | 47 |
| 25. | സേക്രട്ട് ഹാർട്ട് | 85 | 2 | 83 |
| 26. | സെ. സെബാസ്റ്റ്യൻ | 68 | 3 | 65 |
| 27. | സെ. തോമസ് | 58 | 8 | 50 |
| 28. | വേളാങ്കണ്ണിമാത | 90 | 13 | 77 |
| 29. | സെ. വിൻസന്റ് | 46 | 1 | 45 |
| 30. | സെ. സേവ്യർ | 65 | 1 | 64 |
| | **Total** | **1966** | **130** | **1836** |